"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E1-21011/2023/PrHQ ; തീയതി : 07-07-2023

പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവരുടെ നിയമന അനുയോജ്യത സംബന്ധിച്ച പോലീസ് വേരിഫിക്കേഷൻ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച ആഭ്യന്തര (രഹസ്യ വിഭാഗം-ബി) വകുപ്പിന്റെ 27.06.2023 തീയതിയിലെ എസ്എസ്-ബി1/9/2023/ആഭ്യന്തരം നമ്പർ സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഷിബു ആർ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **ഡി.ഐ.ജി (പ്രിസൺസ്)**
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല

എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് : ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും
വെബ്സൈറ്റ്

21011/2023

1/5781583/2023

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

ആഭ്യന്തര (രഹസ്യ വിഭാഗം - ബി) വകുപ്പ്

തിരുവനന്തപുരം,

നം:എസ്.എസ്-ബി.1/9/2023/ആഭ്യന്തരം. തീയതി: 27-06-2023.

## സർക്കുലർ

വിഷയം:- ആഭ്യന്തര വകുപ്പ് - സർക്കാർ സർവീസിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുടെ സ്വഭാവവും പൂർവ്വകാലവും പരിശോധിച്ച് ഉദ്യോഗാർത്ഥികളുടെ നിയമന അനുയോജ്യത സംബന്ധിച്ച നടപടികളിൽ നിയമനാധികാരികൾ വരുത്തുന്ന കാലതാമസം ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 31-07-2006-ലെ സ.ഉ.(പി) നം.112/2006/ആഭ്യന്തരം.
2) 05-06-2009-ലെ സ.ഉ.(പി) നം.79/2009/ആഭ്യന്തരം.
3) 05-12-2014-ലെ സ.ഉ.(പി) നം.40/2014/ഉ.ഭ.പ.വ.
4) 06-11-2020-ലെ സ.ഉ.(പി) നം.56/2020/ആഭ്യന്തരം.
5) 30-09-2021-ലെ സ.ഉ.(പി) നം.63/2021/ആഭ്യന്തരം

കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്കും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ എന്നിവിടങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ വഴിയോ ആശ്രിത നിയമനം ഉൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെയോ നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾക്കും സൂചന പ്രകാരം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 10(b)(iii) പ്രകാരം സ്വഭാവവും പൂർവ്വകാല ചരിത്രവും സംബന്ധിച്ച സാക്ഷ്യപത്രം (Character and Antecedent Certificate) ലഭ്യമാക്കി ഉറപ്പുവരുത്തേണ്ടതുണ്ടെന്നും, ഇക്കാര്യത്തിൽ നടത്തേണ്ട പോലീസ് വെരിഫിക്കേഷൻ നടപടിക്രമങ്ങളും സൂചന പ്രകാരം കാലാകാലങ്ങളിൽ ഉത്തരവായിട്ടുള്ളതാണ്.

E1
4
3/7/23

എന്നാൽ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികളുടെ നിയമന അനുയോജ്യത സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുന്നതിൽ നിയമനാധികാരികൾ വരുത്തുന്ന കാലതാമസവും, പോലീസ് വേരിഫിക്കേഷൻ നടപടികളിലുണ്ടാവുന്ന കാലതാമസവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവരുടെ നിയമന അനുയോജ്യത സംബന്ധിച്ച പോലീസ് വേരിഫിക്കേഷൻ നടപടിക്രമങ്ങൾ വകുപ്പ് മേധാവികൾ/

നിയമന അധികാരികൾ / ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകൾക്കനുസൃതമായി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു. ആയതിൽ ഉണ്ടാകുന്ന വീഴ്ച സർക്കാർ ഗൗരവതരമായി കണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഡോ. വേണു വി ഐ.എ.എസ്,**
**അഡീഷണൽ ചീഫ് സെക്രട്ടറി.**

എല്ലാ വകുപ്പ് മേധാവികൾക്കും / നിയമനാധികാരികൾക്കും.
സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്), കേരളം, തിരുവനന്തപുരം.
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും.

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം,

Aswathi K.S.

സെക്ഷൻ ഓഫീസർ.